ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, അങ്ങനെയാണെങ്കിൽ നരവംശശാസ്ത്രഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടറായ ഡോ. പി. ആർ. ജി. മാത്തൂർ ഗവൺമെന്റിലേക്ക് സമർപ്പിച്ച ശുപാർശ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ? ആ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൽ പ്രശ്നം ചർച്ചക്കു വരുകയുണ്ടായോ ? ആ വിവരവും മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ? സാധാരണഗതിയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വരുന്നത്. അതുകൊണ്ട് ശ്രീ. മാത്തൂരിന്റെ ശുപാർശയും മുഖ്യമന്ത്രി ഇതു സംബന്ധിച്ച് ക്യാബിനറ്റിലേക്ക് കൊടുത്ത നോട്ടും മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : ക്യാബിനറ്റിലേക്കുള്ള നോട്ട് മേശപ്പുറത്ത് വയ്ക്കില്ല. മാത്തൂരിന്റെ റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കുന്നത് ഗവൺമെന്റാണ്. മാത്തൂർ അതിന്റെ വിവിധ വശങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. അതായത് തണ്ടാൻ സമുദായം ഉൾപ്പെടെയുള്ള ആളുകൾക്ക് ആനുകൂല്യം കൊടുക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. മറ്റ് ജനവിഭാഗങ്ങൾക്ക് പഴയസ്ഥിതി ഇല്ലെങ്കിൽപോലും ഇത് നിലനിർത്തുകയാണെങ്കിൽ അവരെയും നിലനിർത്തേണ്ടതാണെന്നുള്ള നിലയിൽ വിവിധ വശങ്ങൾ അദ്ദേഹം അവതരിപ്പിച്ചു എന്നു മാത്രമേയുള്ളൂ. ഗവൺമെന്റ് എടുത്ത തീരുമാനം ഒരാളെയും ഒഴിവാക്കാൻ പാടില്ല എന്നാണ്. അതുകൊണ്ട് മാത്തൂരിന്റെ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കേണ്ട കാര്യമില്ല.

IV സബ്മിഷൻ

1. മൂക്കംപെട്ടി വനത്തിലെ ക്ലിയർ ഫെല്ലിംഗ്

ശ്രീ. കാനം രാജേന്ദ്രൻ : സർ, കോട്ടയം ജില്ലയിലെ എരുമേലി റേഞ്ചിൽ മൂക്കംപെട്ടിവനം അവശേഷിക്കുന്ന ഏക ഇലകൊഴിയും വനമാണ്. അവിടെ സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ ക്ലിയർ ഫെല്ലിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ ഈ വിഷയം ഉന്നയിച്ചപ്പോൾ സെലക്ഷൻ ഫെല്ലിംഗിന്റെ പേരിൽ ക്ലിയർ ഫെല്ലിംഗ് നടത്താൻ ആരെയും അനുവദിക്കുകയില്ലായെന്ന്, മന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞതിനുശേഷം ഞാനും ശ്രീ. കെ. വി. സുരേന്ദ്രനാഥ് എം. എൽ. എ. യും ഈ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള മരങ്ങൾ മുഴുവൻ വെട്ടിമുറിച്ചിട്ടിരിക്കുകയാണ്. സെലക്ഷൻ ഫെല്ലിംഗിന്റെ നിയമം അനുസരിച്ച് ഈ ഇലകൊഴിയും വനത്തിൽ ഒരു ഹെക്ടറിൽ രണ്ടുമരം മാത്രമേ മുറിക്കാൻ പാടുള്ളൂ. നിത്യഹരിതവനമാണെങ്കിൽ ഒരു ഹെക്ടറിൽ 10 മരം മുറിക്കാമെന്നാണ്. അവിടെയുള്ള 200 ഹെക്ടറിലുള്ള മുഴുവൻ മരങ്ങളും മുറിച്ചിരിക്കുകയാണ്. വലിയ നാഷണൽ ഹൈവേകൾ തീർത്തു അവിടെ നിന്നു തടികൾ കൊണ്ടുപോകുന്നതിനുള്ള ശ്രമം നടത്തുകയാണ്. മന്ത്രി ഇവിടെ പ്രസ്താവന നടത്തിയതിനുശേഷവും അവിടെ ഇതാണ് നടക്കുന്നത്. ഇക്കാര്യം ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, മൂക്കംപെട്ടിയിൽ നടക്കുന്നത് സെലക്ഷൻ ഫെല്ലിംഗ് ആണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെ ഇതു സംബന്ധിച്ച് പറഞ്ഞിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു ചെറിയ വ്യത്യാസമുണ്ട്. അവിടെ 200 ഏക്കർ സ്ഥലത്തു ഏതാണ്ട് 2013 മരങ്ങളാണ് വർക്കിംഗ് പ്ലാൻ അടിസ്ഥാനത്തിൽ മാർക്ക് ചെയ്തിട്ടുള്ളത്. അവിടെ നടക്കുന്ന മരംമുറിയിൽ ചില ക്രമക്കേടുകളും ഉണ്ട്. അതായത് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള നടപടികളും ഉണ്ട് എന്ന് ആക്ഷേപിച്ചുകൊണ്ട് ഹൈക്കോടതിയിൽത്തന്നെ വനസംരക്ഷണസമിതിയുടെ ആൾക്കാർ പോവുകയുണ്ടായി. ഹൈക്കോടതി ഒരു കമ്മീഷനെവച്ച് ആ കമ്മീഷൻ സ്ഥലത്തു പോയി പരിശോധിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഹൈക്കോടതി പറഞ്ഞിട്ടുള്ളത് അവിടെ ക്രമരഹിതമായിട്ടുള്ള ഒന്നും നടക്കുന്നില്ല, അതുകൊണ്ട് മരംമുറി നിർത്തിവയ്ക്കേണ്ട കാര്യമില്ല എന്നാണ്. എന്നാൽ ചില ചോദ്യങ്ങളും ഹൈക്കോടതി ഉയർത്തിവിട്ടിട്ടുണ്ട്. അത് ഈ വർക്കിംഗ് പ്ലാൻ അനുസരിച്ചിട്ടുള്ളതു ശരിയായിട്ട് വനസംരക്ഷണനിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണോ എന്നു തുടങ്ങിയ കാര്യങ്ങളാണ്. അതിനു കേന്ദ്രഗവൺമെന്റുമായിട്ട് ബന്ധപ്പെടണം എന്നാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർമാർ അവിടെ പോയി സന്ദർശിക്കുകയുണ്ടായി എന്നു പറഞ്ഞു. ഞാൻ നേരത്തെ പറഞ്ഞല്ലോ ഒരു ഹെക്ടറിൽ 10 മരമാണ് ഇപ്പോൾ മാർക്ക് ചെയ്തിട്ടുള്ളത് എന്ന്. അതനുസരിച്ചാണ് ഈ 2013 മരം മുറിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ തൊട്ടടുത്ത ഒരു സ്ഥലമുണ്ട്. അത് ക്യാച്ച്മെന്റു ഏരിയയിൽപെട്ടതുകൊണ്ട് അതിപ്പോൾ തൽക്കാലം ടെൻഡർ വിളിക്കുന്നില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് ഒന്നുകൂടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുമായിട്ട് ആലോചിച്ചിട്ട് അവരുവച്ച കരാറിന് വിരുദ്ധമായിട്ട്, വർക്കിംഗ് പ്ലാനിൽ വച്ച നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എന്തെങ്കിലും അവിടെ നടന്നിട്ടുണ്ടോയെന്ന് പരിശോധിപ്പിച്ച് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീർച്ചയായിട്ടും നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ശബരിമല തീർത്ഥാടകരിൽ നിന്നും കെ. എസ്. ആർ. റ്റി. സി. ബസുകളിൽ അമിതമായ ചാർജ്ജ് ഈടാക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, നാടിന്റെ നാനാഭാഗത്തുനിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ ഒത്തുകൂടുന്ന സർവ്വസാമുദായിക മൈത്രിയുടെ സങ്കേതമായ ശബരിമലയിൽ ഭക്തജനങ്ങളുടെ പ്രവാഹം ആരംഭിക്കുവാൻ ഇനി അധികദിവസങ്ങളില്ല. മണ്ഡലക്കാലം അയ്യപ്പഭക്തൻമാർക്ക് ആത്മീയാനുഭൂതി ലഭിക്കുന്ന പുണ്യകാലമാണെങ്കിൽ, കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക നേട്ടങ്ങൾ വാരിക്കൂട്ടുവാനുള്ള ചാകരക്കാലമാണ്. കട്ടപ്പുറത്തിരിക്കുന്ന പഴഞ്ചൻ വണ്ടികളൊക്കെ എടുത്തുകെട്ടി സ്പെഷ്യൽ ബോർഡു തൂക്കി റൂട്ടിലിറക്കി, യാത്രക്കാരെ പെരുവഴിയിലാക്കുന്നത് നിത്യസംഭവമാണ്. അൻപതുപേർക്ക് യാത്രചെയ്യാവുന്ന ബസുകളിൽ 150 പേരെവരെ കുത്തിക്കയറ്റും. തെരക്കിൽ നിന്ന് ഒഴിവാകാനുള്ള വ്യഗ്രതയിൽ കിട്ടിയ ബസ്സുകളിൽ ചോദിച്ച കാശുകൊടുത്ത് കയറേണ്ടിവരുന്ന ഗതികേടാണ്. തീർത്ഥാടകരുടെ തെരക്കിനെ യാതൊരു ദാക്ഷിണ്യവുമില്ലാതെ ചൂഷണം ചെയ്യുന്ന കെ. എസ്. ആർ. ടി. സി. ലാഭക്കൊതിയൻമാരായ സഹകാര്യകച്ചവടക്കാരെ പോലെ പെരുമാറുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly